കെ.എസ്.എ കെറ്റിഎം പി-13/915/17 തീയതി: 16.06.2017

# കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1/04/2016 മുതൽ 31/03/2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2016 മുതൽ 31.03.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05/06/2017മുതൽ 12/06/2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.മായ.ആർ | ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഇന്ദുലേഖ.എ | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി സുനിത.എം.എസ് | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീ. ശിവരാജ്.പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സണ്ണി അബ്രഹാം | 01/04/16 മുതൽ 31/03/17 വരെ |
| സെക്രട്ടറി | ശ്രീമതി.ജെസ്സി ജോസഫ് | 01/04/16 മുതൽ 30/04/16വരെ |
| | ശ്രീമതി. പ്രീത.എം.എസ് അസി.സെക്രട്ടറി(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 01/05/16 മുതൽ 22/07/16വരെ |
| | ശ്രീമതി പ്രസന്നകുമാരി.ടി.എസ് എച്ച്.സി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 23/07/16 മുതൽ 03/08/16വരെ |

| | | |
|---|---|---|
| | ശ്രീ.കെ.ആർ രാധാകൃഷ്ണൻ നായർ | 04/08/16 മുതൽ 31/03/17വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പ്രീത.എം.എസ് | 01/04/16 മുതൽ 22/07/16 വരെ |
| | സറീന അബ്ദുൾ അസീസ് | 01/08/16 മുതൽ 31/03/17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രാധാമണി കെ.എൻ | 01/04/16 മുതൽ 31/03/17വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രസീനാ ദേവ് | 01/04/16 മുതൽ 31/03/17വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രശ്മി പ്രഭാകർ | 01/04/16 മുതൽ31/03/17വരെ |
| വി.ഇ.ഒ,കാഞ്ഞിരമറ്റം | ശ്രീ.രഘു.എം.ഡി(ചാർജ്ജ്) | 01/04/16 മുതൽ 31/03/17വരെ |
| വി.ഇ.ഒ, മറ്റക്കര | ശ്രീ.രഘു.എം.ഡി | 01/04/16 മുതൽ 31/03/17വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.എൻ.ആർ | 01/04/16 മുതൽ 31/07/16 വരെ |
| | ആരിഫ.കെ.പി | 01/08/16 മുതൽ 31/03/17 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി(ഇൻ ചാർജ്) | ഡോ.ജ്യോതി.വി | 01/04/16 മുതൽ 07/4/16 വരെ |
| | ഡോ.ജോർജ്ജ് മാത്യു | 8/4/16 മുതൽ 18/11/16 വരെ |
| | ഡോ.വിമി ഇക്ബാൽ | 19/11/16 മുതൽ 31/03/17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ശ്രീലത.സി.വി | 01/04/16 മുതൽ 24/08/16 വരെ |
| | ഡോ. ആന്റണി ജോസ് | 25/8/16 മുതൽ 31/03/17വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ജ്യോതിഷ് കുമാർ | 01/04/16 മുതൽ 26/4/16 വരെ |
| | ഡോ.സിന്ധ്യ | 27/04/16 മുതൽ 31/03/17വരെ |
| എച്ച്.എം | ശ്രീമതി.റൂബി എ.എം | 01/04/16 മുതൽ 31/03/17 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.ജമിനി ജോൺ | 01/04/16 മുതൽ 31/03/17വരെ |

ഉള്ളടക്കം


| ഖണ്ഡികനമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |

| | |
|---|---|
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണസംവിധാനം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 (എ) | കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് - വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് |
| 2-2 (ബി) | വില്ലേജ് ഓഫീസിനെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി |
| 2-3 | പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-4 | ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെ വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല |
| 2-5 | ഉയർന്ന വിറ്റുവരവുള്ള സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-6 | പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച ധാരാളം വാണിജ്യ-വ്യവസായങ്ങൾ ഡി & ഒ ട്രെയ്ഡേഴ്സ് ലിസ്റ്റിൽ ഉൾപ്പട്ടിട്ടില്ല |
| 2-7 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല |
| 2-8 | പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല |
| ഭാഗം 3- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു |
| 3-2 | ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങൽ - അപാകതകൾ സംബന്ധിച്ച് |
| 3-3 | വെള്ളക്കരമിനത്തിൽ വൻതുക ചെലവ് - ക്രമീകരിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല |
| 3-4 | സമ്പൂർണ്ണവൈദ്യുതീകരണം വിശദാംശങ്ങൾ - ലഭ്യമാക്കാത്തത് |
| 3-5 | റോഡ് ടാറിങ്ങ് പ്രവൃത്തികൾ-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല |
| 3-6 | റോഡ് മെറ്റലിങ്ങിന് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കി |
| 3-7 | കരിമ്പാനി വൃദ്ധസദനം- ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടത്തിന് അറ്റകുറ്റപ്പണി |
| 3-8 | ജാതി കൃഷി വികസനം-സബ്സിഡി അധികം നല്കിയത് |
| 3-9 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ STSB അക്കൗണ്ടിൽ അവശേഷിക്കുന്നു |

| | |
|---|---|
| 3-10 | ഭവന പുനരുദ്ധാരണം-സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നു |
| 3-11 | ആംബുലൻസിന്റെ ഉപയോഗം - ബൈലോ തയ്യാറാക്കിയില്ല |
| 3-12 | 5345/- രൂപയുടെ ആയുർവേദ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു |
| 3-13 | ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല |
| 3-14 | ആശ്രയ പദ്ധതി - തുടർ സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| 3-15 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04/03/2016 തിയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1542000 | 8367987 |
| വരവ് | 48672000 | 36612943 |
| ആകെ | 50214000 | 44980930 |
| ചെലവ് | 49364000 | 34363969 |
| നീക്കിയിരിപ്പ് | 850000 | 10616961 |

പ്രതീക്ഷിത ബജറ്റും യഥാർത്ഥ കണക്കുമായുള്ള അന്തരം സൂചിപ്പിക്കുന്നത് ബജറ്റ് മുൻവർഷ

കണക്കുകളുടെ അടിസ്ഥാനത്തിലല്ല തയ്യാറാക്കിയതെന്നാണ്. ബഡ്ജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|
| 31.07.2017 | ഇല്ല | -- |

വാർഷിക ധനകാര്യപത്രിക യഥാസമയം ഓഡിറ്റിനു ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഓഡിറ്റ് റിപ്പോർട്ടിന്റെ അതേ നമ്പരിലും തീയതിയിലും ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8367987 |
| വരവ് | 36612943 |
| ആകെ | 44980930 |
| ചെലവ് | 34363969 |
| നീക്കിയിരിപ്പ് | 10616961 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9467762 | 9467762 | 7894792 | 1572970 | 83.38 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2026092 | 2026092 | 1330763 | 695329 | 65.68 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 151275 | 151275 | 67000 | 84275 | 44.29 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5399121 | 5399121 | 538989 | 4860132 | 9.98 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2744157 | 2744157 | 1677981 | 1066176 | 61.14 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5309979 | 5309979 | 3664735 | 1645244 | 69.01 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3649569 | 3649569 | 2275207 | 1374362 | 62.34 |
| എം.എൻ.ആർ.ഇ.ജി.എസ്. | 229 | 10046805 | 10047034 | 10049993 | 2959 | 99.58 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 35397382 | 107 | 20512980 | - | 56 | 66% |

2016-17 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2016/DPC/DPO/KTM തീയതി 03.09.16 പ്രകാരം അംഗീകാരം ലഭിച്ചു. പ്രോജക്ട് നം.127/17, പ്രോജക്ട് നം.174/17 എന്നിവയുടെ ചെലവ് വിവരങ്ങൾ ഐകെഎം പത്രികയിൽ ഉൾപ്പെടുത്തിയില്ല. മേൽ സൂചിത പ്രോജക്ടുകൾക്ക് തനതു ഫണ്ട് വൗച്ചറുകൾ പ്രകാരം 40188 രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണം

2016-17 വാർഷിക പദ്ധതിയുടെ രൂപീകരണഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 25-05-2016 |
| വികസനസെമിനാർ | 20-06-2016 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഗ്രാമസഭകൾ | 03-06-16 മുതൽ 12-06-16വരെ |
| പദ്ധതി അംഗീകാരം | 24-09-16 ലെ I(5)നം തീരുമാനം |
| വികലാംഗ ഗ്രാമസഭ | 15-2-2016 |

ഗ്രാമസഭ

വിവിധ ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിലവതരിപ്പിക്കുകയോ ചർച്ച ചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ, ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തുകയും യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗ മിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വിവിധ വർക്കിങ്ങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കാണുന്നു. 2016-17പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഏതാനും ചില വർക്കിങ്ങ് ഗ്രൂപ്പുകൾ മാത്രമാണ് യോഗം ചേർന്നത്. വർക്കിങ്ങ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി മിനിറ്റ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി അവലോകനം

ഉത്പാദന മേഖലയിൽ കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം എന്നിവയ്ക്കായി തുക ചെലവഴിച്ചിരുന്നു. സേവനമേഖലയിൽ വീട് പുനരുദ്ധാരണം തായ്ക്കോണ്ട പരിശീലനം, അംഗൻവാടികൾക്ക് മെഡിസിൻ ബോക്സ്, ഗ്യാസ് സിലിണ്ടർ എന്നീ പ്രോജക്റ്റുകൾ നടപ്പാക്കി. ODF പദ്ധതിയിൽപ്പെടുത്തി കക്കൂസ് നിർമ്മാണത്തിനായി 11,16,000/-രൂപയും സമ്പൂർണ്ണവൈദ്യുതീകരണത്തിനായി 1 ലക്ഷം രൂപയും ചെലവഴിച്ചിരുന്നു. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങൾ 12-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പശ്ചാത്തലമേഖലയിൽ വിവിധ റോഡുകളുടെ കോൺക്രീറ്റിങ്ങിന് പുറമേ പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി 5 പ്രോജക്റ്റുകളും തയ്യാറാക്കിയിരുന്നു.

2016-17 വർഷം തയ്യാറാക്കിയ 163 പ്രോജക്റ്റുകളിൽ 107 എണ്ണം മാത്രമാണ് (66%)തൻവർഷം നടപ്പാക്കിയത്.ആകെ ചെലവ് ശതമാനം 57.95%. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 82 പ്രോജക്ടുകളിൽ 39എണ്ണം മാത്രമാണ് നടപ്പാക്കിയത്(48%). സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നേരിട്ട താമസവും സാങ്കേതികാനുമതി, ടാറ് എന്നിവ ലഭിക്കാനുണ്ടായ കാലതാമസവും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും പദ്ധതിനിർവ്വഹണത്തെ ഇവ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 24 റോഡുകളുടെ റീടാറിങ്ങിനായി പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും ഒരു റോഡിന്റെ ടാറിങ്ങ് മാത്രമാണ് തൻവർഷം പൂർത്തിയാക്കുവാൻ സാധിച്ചത്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗം വെറും 9.9% മാത്രമാണ്. പദ്ധതി രൂപീകരണത്തിൽ വിവിധ തലങ്ങളിൽ വളരെയധികം മനുഷ്യവിഭവശേഷി ഉപയോഗിച്ച് തയ്യാറാക്കുന്ന പദ്ധതികൾ ഉപേക്ഷിക്കാതെ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായി

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 26,47,082 | 5653776 | (+)3006694 |
| നികുതിയേതര വരവുകൾ | 3,35,777 | 774087 | (+)438310 |
| മറ്റുവരവുകൾ | 2,96,615 | 25564776 | (+)25268161 |
| ആകെ | 32,79,474 | 28687460 | (+)25407986 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57240 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 2512720 | 268 |
| വിധവാപെൻഷൻ | 4846460 | 483 |
| വാർദ്ധക്യകാലപെൻഷൻ | 11797650 | 1136 |
| വികലാംഗപെൻഷൻ | 2142075 | 225 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 454680 | 45 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 06.06.2017 തീയതി 3.15 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,505/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം മികച്ച രീതിയിൽ പ്രവർത്തിയ്ക്കുന്നു. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്. ജനറൽ കമ്മറ്റി യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്. രജിസ്റ്ററുകളുടെ പരിപാലനവും തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/05/2017 | 04/2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-11-2004 മുതൽ 09-12-2004 വരെ | 1997-98 മുതൽ 2003-04 വരെ | sp.cell(HQ)iv/8A776/1856, തീയതി 16/2/2005 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 22,48,974/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 64178175/- രൂപയും ചെലവ് 64212206/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)

44980930/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 34363969/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 10616961/- രൂപയാണ്. 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 37162446/- രൂപയും ആകെ ബാദ്ധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 25068585/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 12093861/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന കണക്ക് ശീർഷകം 31.03.2017 വരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല.

4) തനത് ഫണ്ട് അക്കൗണ്ടിന്റെ 31.03.2017-ലെ റീക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും എൻക്യാഷ് ചെയ്യാത്ത താഴെ പറയുന്ന 2 ചെക്കുകളുടെ തുക അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക(രൂപ) |
|---|---|---|---|
| 1. | 21500669/19.01.2016 | 42795/19.01.2016 | 2800/- |
| 2. | 21500592/14.12.2015 | 42774/14.12.2015 | 3500/- |

അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ (JV) ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5) 2015-16 വർഷം വാങ്ങിയ മാരുതി ഒമിനി (രജി നം.KL-05-AM-1085) ആംബുലൻസിന്റെ മൂല്യം പഞ്ചായത്ത് അക്കൗണ്ടിൽ കണക്ക് ശീർഷകം 410710102-ൽ (Movable Assets-Vehicles) ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

6) ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ-സാംഖ്യാ കണക്കുകളിൽ ചെറിയ വ്യത്യാസം നിലനിൽക്കുന്നു. വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിങ്ങിലും അക്കൗണ്ടിങ്ങിലും മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 2-2 (എ) കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് - വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന പ്രമുഖ ഓട്ടോണോമസ് വിദ്യാഭ്യാസ സ്ഥാപനമാണ് കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്. ടി സ്ഥാപനത്തിന്റെ വസ്തു നികുതി നാളിതു വരെ നിർണ്ണയിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾപ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള വസ്തുനികുതി ഈടാക്കേണ്ടതാണ്. ടി സ്ഥാപനം പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് എടുക്കുകയും ചെയ്തിട്ടില്ല. ആയതിനാൽ ടി കെട്ടിടം റെഗുലറൈസ് ചെയ്ത് നമ്പർ നല്കേണ്ടതും വസ്തു നികുതി കണക്കാക്കി

പിഴപ്പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

(ബി) വില്ലേജ് ഓഫീസിനെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന വില്ലേജ് ഓഫീസിനെ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടു നൽകിയ കെട്ടിടങ്ങളും മാത്രമാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി നൽകാവുന്നത്. സർക്കാർ വക കെട്ടിടങ്ങളെ ഒഴിവാക്കിയിട്ടില്ല. ആയതിനാൽ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകളുടെ ശാഖകൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ 2016-17 സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്-മഞ്ഞാമറ്റം ശാഖ |
| 2. | അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്- കരിമ്പാനി ശാഖ |
| 3. | അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് - പട്യാലിമറ്റം ശാഖ |
| 4. | അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് - മൂഴൂർ ശാഖ |
| 5. | അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് - മണൽ M & E ശാഖ |
| 6. | പൂവത്താനിക്കൽ ബാങ്കേഴ്സ്, സെന്റ് ആന്റണീസ് ഷോപ്പിങ്ങ് കോംപ്ലെക്സ്, ചെങ്ങളം |
| 7. | കുഴിമറ്റം ഫിനാൻസ്, മണൽ ജംഗ്ഷൻ, മറ്റക്കര |
| 8. | വെൽബ്രോസ് ഇന്റർനാഷണൽ സ്കൂൾ |
| 9. | എസ്.എച്ച്. കോൺവെന്റ് സീനിയർ സെക്കൻഡറി സ്കൂൾ, ചെങ്ങളം |
| 10. | റബ്ബർമാർക്ക് - പൂവത്തിളപ്പ് |
| 11. | തറക്കുന്നം റബ്ബർ പ്രൊഡ്യൂസേഴ്സ് സഹകരണ സംഘം |
| 12. | സപ്ലൈകോ സൂപ്പർമാർക്കറ്റ്, മറ്റക്കര |
| 13. | ശ്രീഗണേശ് ഇൻഡേൻ സർവ്വീസ്, പള്ളിക്കത്തോട്- ഗ്യാസ് ഏജൻസി |

അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിന്റെ മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയത്. ക്രമ നം.1 മുതൽ 5 വരെ സൂചിപ്പിച്ച പ്രകാരം ബാങ്കിന്റെ ശാഖകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. മേൽപറഞ്ഞ എല്ലാ സ്ഥാപനങ്ങളിൽനിന്നും

തൊഴിൽനികുതിയിനത്തിൽ പരമാവധി തുക ഈടാക്കാമായിരുന്ന എന്നതിനാൽ ടി സ്ഥാപനങ്ങൾ ഡിമാന്റിൽ ഉൾപ്പെടാത്തതിനാൽ തൻവർഷം തൊഴിൽനികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/09.06.2017) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചു. 2016-17 രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 2-4 ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെ വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകുന്നതിനുള്ള കെട്ടിടങ്ങൾ പൂവത്തിളപ്പ് ഷോപ്പിങ്ങ് കോംപ്ലെക്സിലെ 14 മുറികൾ, ഒരു വെയ്റ്റിങ്ങ് ഷെഡ് മുറി, ചെങ്ങളം ഷോപ്പിങ്ങ് കോംപ്ലെക്സിലെ 6 മുറികൾ എന്നിവയാണ്. 2016-17 വർഷത്തിൽ മുറികളൊന്നും ഒഴിഞ്ഞുകിടന്നിട്ടില്ല. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്, ഗ്രാമകേന്ദ്രം എന്നിവയും ഷോപ്പിങ്ങ് കോംപ്ലെക്സിലെ മുറികളിലാണ് പ്രവർത്തിക്കുന്നത്.

ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ കുത്തകക്കാർക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകളടങ്ങിയ ബൈ-ലോ നിലവിലില്ല. 31.03.2017-വരെ കുത്തകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. കൂടാതെ ചെങ്ങളം ഷോപ്പിങ്ങ് കോംപ്ലെക്സിലെ 6 മുറികൾ കൺസ്യൂമർഫെഡിന് ത്രിവേണി സൂപ്പർമാർക്കറ്റ്, നീതി മെഡിക്കൽ സ്റ്റോർ എന്നിവ പ്രവർത്തിക്കുന്നതിന് 15.11.2012 മുതൽ നാളിതുവരെ വാടകരഹിതമായി നൽകിയിരിക്കുകയാണ്. ത.സ്വ.ഭ.വകുപ്പിന്റെ 08.03.2012 ലെ മാർഗ്ഗനിർദ്ദേശം നം.7561/ഡിബി2/12/ത.സ്വ.ഭ.വ. പ്രകാരം കൺസ്യൂമർഫെഡിന്റെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആദ്യ രണ്ട് വർഷത്തേക്ക് മാത്രം സൗജന്യമായി സ്ഥലം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൺസ്യൂമർഫെഡും പഞ്ചായത്തും തമ്മിലുള്ള 15.11.2012-ലെ കരാർ പ്രകാരം കരാർ തീയതി മുതൽ രണ്ട് വർഷത്തേക്കാണ് വാടകരഹിതമായി മുറികൾ അനുവദിച്ചത്. എന്നാൽ 5 വർഷത്തോളമായിട്ടും പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല. രണ്ടു വർഷത്തേക്കുകൂടി വാടക സൗജന്യം നീട്ടിനൽകുന്നതിന് ആവശ്യപ്പെടുന്നതിന് 03.03.2015 ലെ 6-ാം നമ്പർ കമ്മറ്റി തീരുമാനം എടുത്തിരുന്നു. എന്നാൽ സർക്കാരിന്റെ അനുമതി ലഭിച്ചതായി കാണുന്നില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.2/07.06.2017) ലഭ്യമാക്കിയ മറുപടിയിൽ ബൈലോ തയ്യാറാക്കുന്ന വിഷയം തുടർന്ന് വരുന്ന പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി എന്നും കൺസ്യൂമർഫെഡിന് വാടക സൗജന്യം നൽകിയത് സർക്കാരിന്റെ പരിഗണനക്ക് അയച്ചു എന്നും പറയുന്നു. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകളടങ്ങിയ ബൈലോ തയ്യാറാക്കേണ്ടതാണ്. വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കുന്നതിനുള്ള വ്യവസ്ഥ ബൈലോയിൽ പ്രത്യേകം ഉൾപ്പെടുത്തേണ്ടതും എല്ലാ കുത്തകക്കാരുടെയും സെക്യൂരിറ്റി നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിൽ അടിയന്തിരമായി അടവാക്കേണ്ടതാണ്. 5 വർഷത്തോളമായി വാടക സൗജന്യം അനുവദിച്ച കൺസ്യൂമർഫെഡിൽ നിന്നും വാടക ഈടാക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 2-5 ഉയർന്ന വിറ്റുവരവുള്ള സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളായ ഗ്യാസ് ഏജൻസി, സ്വകാര്യ ആശുപത്രി എന്നിവ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസില്ലാതെ

പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | ശ്രീഗണേശ ഇൻഡേൻ സർവ്വീസ്- പള്ളിക്കത്തോട് ഗ്യാസ് ഏജൻസി |
| 2. | മേഴ്സി ഹോസ്പിറ്റൽ-ചെങ്ങളം |

2016-17 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിരുന്ന ക്രമ നം.2 സ്വകാര്യ ആശുപത്രിക്ക് തൻവർഷം ലൈസൻസ് നൽകിയതായോ ലൈസൻസ് ഫീസ് ഡിമാന്റിൽ ഉൾപ്പെട്ടതായോ കാണുന്നില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-3 (പട്ടിക-1 ഇനം-142) പ്രകാരം സ്വകാര്യ ആശുപത്രികൾ ലൈസൻസ് പരിധിയിൽ വരേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങൾ താരതമ്യേന ഉയർന്ന വിറ്റുവരവുള്ളവയായതിനാൽ ചട്ടപ്രകാരമുള്ള പരമാവധി ഫീസായ 4000/- രൂപ ചുമത്താമായിരുന്നു. അപാകത ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ (നം.7/09.06.2017) സെക്രട്ടറിയെ അറിയിച്ചതിന് ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. മേൽപറഞ്ഞ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. ലൈസൻസ് ഫീസ് ഈടാക്കിയ ശേഷം വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-6 പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച ധാരാളം വാണിജ്യ-വ്യവസായങ്ങൾ ഡി & ഒ ട്രെയ്ഡേഴ്സ് ലിസ്റ്റിൽ ഉൾപ്പട്ടിട്ടില്ല

ഡി & ഒ ട്രേഡ് ലൈസൻസ് നൽകേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും ലൈസൻസിനായി നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കായി മാത്രം ലിസ്റ്റ് തയ്യാറാക്കുന്നു. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 147 സ്ഥാപനങ്ങളാണ് ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷ നൽകിയത്. ലൈസൻസ് ഫീസായി ലഭിച്ച തുക മാത്രം ഡിമാന്റായി ചേർത്ത് അക്കൗണ്ട് ചെയ്തിരിക്കുന്നതിനാൽ യഥാർത്ഥ ഡിമാന്റ് തുക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല (തൻവർഷ ഡിമാന്റും കളക്ഷനും 62,220/- രൂപ). പഞ്ചായത്തിലെ വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2016-17 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 584 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 27 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 12 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 13 |

| | |
|---|---|
| വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ് | 55 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 18 |
| ആകെ എണ്ണം | 710 |

സഞ്ചയയിലെ വിശദാംശം പ്രകാരം പഞ്ചായത്ത് പരിധിയിൽ 700-ൽ അധികം കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 147 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി ഡെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു.

പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായങ്ങളുടെ ആധികാരികമായ ലിസ്റ്റ് കൃത്യമായ വിവര ശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ഡി & ഓ ട്രേഡ് ലൈസൻസ്, ഡെയ്ഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് ഡെയ്ഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി ചെയ്യേണ്ടതാണ്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

1994-ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി നാളിതുവരെ അകലക്കുന്നം പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

അകലക്കുന്നം പഞ്ചായത്ത് കമ്മിറ്റിയുടെ 15.04.2016 തീയതിയിലെ 7-ാം നം. തീരുമാന പ്രകാരം പരസ്യ നികുതി ചുമത്തുന്നതിനുള്ള ബൈലോ തയ്യാറാക്കുന്നതിന് ഹെഡ് ക്ലാർക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-209 പ്രകാരമുള്ള പരസ്യ നികുതി ചുമത്തുന്നതിനുള്ള തുടർനടപടികൾ 2016-17 വർഷം സ്വീകരിച്ചിട്ടില്ല. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി സംബന്ധിച്ച നിർദ്ദേശങ്ങൾ 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കി പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ച തുകകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മൃഗാശുപത്രി മെയിന്റനൻസിനായി മൃഗസംരക്ഷണവകുപ്പിൽ നിന്നും ലഭിച്ച തുകയിൽ വിനിയോഗത്തിന് ശേഷം ബാക്കി വന്ന തുക-5832/-രൂപ
2. കളിസ്ഥലവികസനത്തിനായി സംസ്ഥാന സ്പോർസ് കൗൺസിലിൽ നിന്നും പൈക്ക പദ്ധതി പ്രകാരം ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന 219/-രൂപ
3. മാലിന്യനിർമ്മാർജ്ജനത്തിനായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിൽ52515/-രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു.
4. കേരളോത്സവത്തിനായി ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുക 1560/- രൂപ
5. ഗുണഭോക്തൃവിഹിതം ലഭിച്ചത് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നത് 93887/-
6. വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതത്തിൽ വിനിയോഗിക്കാത്തവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരിമ്പാനി കുടിവെള്ളപദ്ധതി | 37284 |
| ആംബുലൻസ് | 938 |

മേൽപറഞ്ഞവ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യത്തിന് വിനിയോഗിക്കേണ്ടതാണ്. ആയതിന് സാധിക്കാത്ത പക്ഷം തുക തിരിച്ചടയ്ക്കേണ്ടതാണ്. കൂടാതെ താഴെ ചേർക്കുന്ന അക്കൗണ്ടുകൾ പ്രകാരമുള്ള തുകകൾ വിനിമയമില്ലാതെ കാണുന്നു.

1) എം എൻ ലക്ഷം വീട് - ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച തുക വിനിമയമില്ലാതെ അവശേഷിക്കുന്നത് 37395/-രൂപ( SCB 1301)

2)SSA അക്കൗണ്ടിൽ വിനിമയമില്ലാതെ അവശേഷിക്കുന്നത് 58173/- (SBT 67135983669)

വിനിമയമില്ലാതെ അവശേഷിക്കുന്ന മേൽപറഞ്ഞ അക്കൗണ്ടുകൾ തുക ലഭിച്ച സ്ഥാപനങ്ങൾക്ക് തിരികെ അടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

## 3-2 ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങൽ - അപാകതകൾ സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം -119/17

ചെലവഴിച്ച തുക - 96000 രൂപ (പദ്ധതിവിഹിതം)

2016-17 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ സൂചിത പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേയ്ക്ക് WINDOWS 12 R2 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റവും 15 ക്ലയന്റ്

കമ്പ്യൂട്ടറുകൾക്ക് ലൈസൻസും കടവിൽ ഇൻഫോടെക് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുതസ്ഥാപനത്തിന് ഓപ്പറേറ്റിംഗ് സിസ്റ്റം സപ്ലൈ ചെയ്യുന്നതിന് ലൈസൻസ് ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഓപ്പറേറ്റിംഗ് സിസ്റ്റം നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടുമില്ല എന്നതും ഫയലിൽ നിന്നും വ്യക്തമാണ്. ഐ.കെ.എം നിർദ്ദേശപ്രകാരം WINDOWS-ന്റെ ഏതു വെർഷനാണ് കാലഹരണപ്പെട്ട ഓപ്പറേറ്റിംഗ് സിസ്റ്റത്തിനുപകരം വാങ്ങേണ്ടിയിരുന്നത് എന്നീ വിശദാംശങ്ങൾ ഐ.കെ.എം ന്റെ ഓപ്പറേറ്റിംഗ് സിസ്റ്റം സ്പെസിഫിക്കേഷനുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമല്ല. മേൽസൂചിത വിവരങ്ങൾ വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 96000 രൂപ ഓഡിറ്റിൽ (ബിൽ നം 30/17/തീയതി 25.03.2017) തടസ്സപ്പെടുത്തുന്നു.

## 3-3 <u>വെള്ളക്കരമിനത്തിൽ വൻതുക ചെലവ് - ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല</u>

ഓഡിറ്റ് വർഷം വെള്ളക്കരമിനത്തിൽ 5,05,318 രൂപ വിവിധ വൗച്ചറുകളിലായി നൽകിയിട്ടുണ്ട്. ആയത് 105 ടാപ്പുകൾക്ക് 12 മാസത്തെ വെള്ളക്കരമാണ്. ഭൗതിക പരിശോധന വേളയിൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ നാശോന്മുഖമായ സ്ഥിതിയിലുള്ള നിരവധി വാട്ടർടാപ്പുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ, നിലവിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം ഒടുക്കി പഞ്ചായത്തിന്റെ തനതുഫണ്ട് ചോർച്ച ഇല്ലാതാക്കേണ്ടതാണ്. നാളിതുവരെ സംയുക്ത പരിശോധന നടത്തി വെള്ളക്കരമിനത്തിലെ അടവ് ക്രമീകരിക്കാത്തതിന് വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

## 3-4 <u>സമ്പൂർണ്ണ വൈദ്യുതീകരണം വിശദാംശങ്ങൾ - ലഭ്യമാക്കാത്തത്</u>

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം -177/17

ചെലവഴിച്ച തുക - 1,00,000 (വികസനഫണ്ട് -ജനറൽ)

സമ്പൂർണ്ണവൈദ്യുതീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി അകലക്കുന്നം പഞ്ചായത്തിന്റെ വിഹിതമായി 1,00,000 (വികസനഫണ്ട് – ജനറൽ) രൂപ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എൻജിനീയർ, പള്ളം സെക്ഷന് നൽകിയിട്ടുണ്ട്. 45 വീടുകൾക്ക് വയറിംഗിനും വൈദ്യുതികണക്ഷനുമായി കെ.എസ്.ഇ.ബി. ചെലവഴിച്ച 6,14,618 രൂപയിൽ ഗ്രാമപഞ്ചായത്തിന്റെ വിഹിതവും ഉൾപ്പെടുന്നുണ്ട്. സമ്പൂർണ്ണവൈദ്യുതീകരണ പുതുപ്പള്ളി നിയോജകമണ്ഡല തല മോണിട്ടറിംഗ് സമിതിയുടെ നിർദ്ദേശപ്രകാരമായിരുന്നു പഞ്ചായത്തിന്റെ വിഹിതമായി തുക നൽകിയത്. ( കത്ത് നം ഡി.ബി12/ റ്റി.ഇ2016-17/596 തീയതി. 28.01.17 കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എൻജിനീയർക്ക് പള്ളം) . എന്നാൽ എക്സിക്യൂട്ടീവ് എൻജിനീറുടെ 10.01.2017-ലെ ഡി.ബി3/ റ്റി.ഇ-ഫേസ് 3/2016-17/1477 കത്തിൽ പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം 22 എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ആയതിന്റെ കൃത്യത വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 1,00,000 രൂപ ഓഡിറ്റിൽ (ബിൽ നം 20/2016-17/27.02.2017) തടസ്സപ്പെടുത്തുന്നു.

## 3-5 റോഡ് ടാറിങ്ങ് പ്രവൃത്തികൾ-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല

ബിൽ നം.30/16-17 തീയതി 30.03.2017

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം അസിസ്റ്റന്റ്എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238 +5% VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് നൽകുകയോ ചെയ്യേണ്ടതായിരുന്നു. പ്രോജക്ട് നം. 51/17 കുഴിഞ്ഞമട – കുളത്തിനാപ്ര റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്കായി 3769.90 കി.ഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിരുന്നു. എന്നാൽ ബാരൽ വില ഈടാക്കിയിരുന്നില്ല. തൻമൂലം പഞ്ചായത്ത് കരാറുകാരന് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം9/09-06-17) മറുപടിയായി തുക ഈടാക്കി അടയ്ക്കുന്നതാണെന്ന് അസിസ്റ്റന്റ്എഞ്ചിനീയർ അറിയിച്ചിരുന്നു. ആകെ അധികം നൽകിയ തുക 6000/-രൂപ (24x250) കരാറുകാരനിൽ നിന്നോ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-6 റോഡ് മെറ്റലിങ്ങിന് മാത്രമായി പ്രോജക്ട് തയ്യാറാക്കി

2015-16 വർഷം തയ്യാറാക്കിയ പൂവത്തുംകുഴി--പാലാക്കാട് റോഡ് മെറ്റലിങ്ങ് (പുതുക്കിയ നം 18/16-17) പ്രോജക്ട് പ്രകാരം ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പകരം സബ് ബേസ് മെറ്റലിങ്ങ് പൂർത്തീകരിച്ച് പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ട്. മെറ്റലിങ്ങിന് ശേഷം ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റൽ ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുന്ന അവസ്ഥയുണ്ടാവുന്നു. WBM സർഫസ് കോഴ്സ് ആയി കണക്കാക്കി പ്രവൃത്തി ചെയ്യുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിങ്ങിന് ആവശ്യമായ ബൈന്റിങ്ങ് മെറ്റീരിയൽ കൂടുതൽ അളവിൽ (0.13 cum/10m2)ആവശ്യമായും വരുന്നു. എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റിലും എം ബുക്കിലും 0.09 cum/10m2 അളവിൽ മാത്രമാണ് ബൈന്റിങ്ങ് മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ളത്. ആവശ്യത്തിന് ബൈന്റിങ്ങ് മെറ്റീരിയൽ ഉപയോഗിക്കാത്തത് മെറ്റൽ വേഗം ഇളകിത്തെറിക്കുന്നതിന് ഇടയാക്കുന്നതുമാണ്. കൂടാതെ സീസണിങ്ങിന് വേണ്ടി വരുന്ന സമയത്തിനുള്ളിൽ ടാറിങ്ങ് നടത്താത്തതു മൂലം വീണ്ടും ടാറിങ്ങ് നടത്തേണ്ടുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിങ്ങ് വീണ്ടും ചെയ്യേണ്ടതായും വരുന്നു. മെറ്റലിങ്ങ് മാത്രം നടത്തി അവസാനിപ്പിക്കുന്നതുമൂലം അധികച്ചെലവിന് സാഹചര്യം ഉണ്ടാവുന്നുണ്ട്. ടാറിങ്ങിനായുള്ള പ്രോജക്ട് 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയിരുന്നില്ല. തുടർവർഷത്തിൽ ടാറിങ്ങിനായുള്ള പ്രോജക്ട് തയ്യാറാക്കി നടപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 കരിമ്പാനി വൃദ്ധസദനം- ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടത്തിന് അറ്റകുറ്റപ്പണി

പ്രോജക്ട് നം. 134/17 ആയി തയ്യാറാക്കിയ കരിമ്പാനി വൃദ്ധസദനം അറ്റകുറ്റപ്പണി എന്ന പ്രോജക്ടിനായി 1,13,476/-രൂപ ചെലവഴിച്ച് കെട്ടിടത്തിന് വരാന്ത നിർമ്മിച്ച് ടൈൽ പാകി ട്രസ് വർക്ക് ചെയ്തിരുന്നു. എന്നാൽ കരിമ്പാനി വൃദ്ധസദനം എന്ന കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആസ്തിയിൽ ഉൾപ്പെടാത്ത കെട്ടിടത്തിന് അറ്റകുറ്റപ്പണിക്കായി തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. പ്രസ്തുത സ്ഥലം നേരിൽ പരിശോധിച്ചതിൽ ഹോമിയോ ഡിസ്പെൻസറിക്ക് സമീപമുള്ള ഒരു കെട്ടിടമാണ് ഇതെന്ന് വ്യക്തമായി. കെട്ടിടത്തിന്റെ ഉൾവശം തറ കോൺക്രീറ്റ് ചെയ്ത് ടൈൽ പാകിയിട്ടില്ല. കെട്ടിടത്തിന്റെ ഉൾവശം ഉപയോഗപ്രദമാക്കാത്തതുമൂലം പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നില്ല. കെട്ടിടം ഉപയോഗപ്രദമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും കെട്ടിടത്തിന്റെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 3-8 ജാതി കൃഷി വികസനം-സബ്സിഡി അധികം നല്കിയത്

| | | |
|---|---|---|
| പ്രോജക്ട് നം | 114/17 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |
| | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 20000 | 18000 |
| ഗു.വി (നേരിട്ട് ചെലവഴിക്കുന്നത്) | 6250 | 6250 |

ജാതി കൃഷി വികസനം എന്ന പ്രോജക്ടിൽ ജാതി തൈ വാങ്ങുന്നതിനായി ഒരാൾക്ക് 3000 രൂപ വീതം 6 പേർക്ക് 18000 രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.എം.എസ്. 4/2016 ത.സ്വ.ഭ.വ.തീ.11.1.16 പ്രകാരം ജാതി തൈകൾക്ക് ഒരു കർഷകന് നല്കാവുന്ന പരമാവധി സബ്സിഡി 2500 രൂപ മാത്രമാണ്. എന്നാൽ ഒരാൾക്ക് 3000 രൂപ സബ്സിഡി നല്കിയതു വഴി 6 പേർക്ക് ആകെ 3000 രൂപ (500x6) സബ്സിഡിയിനത്തിൽ അധികം നല്കി. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയപ്പോൾ (നം 10) 117040100801/12.6.17 നമ്പർ രസീത് പ്രകാരം അധികം നല്കിയ തുക തനത് ഫണ്ടിൽ അടവാക്കിയതായി അറിയിച്ചു. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ STSB അക്കൗണ്ടിൽ അവശേഷിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് നം | 91/17 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർ വൈസർ | |
| | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 350000 | 350000 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 175000 | 150000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 175000 | - |

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 175000 രൂപ 10.3.17 ൽ STSB അക്കൗണ്ടിൽ വരവു വന്നിരുന്നു. എന്നാൽ ടി തുക ക്രഡിറ്റിൽ വന്ന വിവരം 30.3.17 ന ശേഷം മാത്രമാണ് പഞ്ചായത്തിൽ അറിയുവാൻ കഴിഞ്ഞത്. ആയതിനാൽ ടി തുക വിനിയോഗിക്കാതെ നിലവിൽ അക്കൗണ്ടിൽ അവശേഷിക്കുന്നു.17-18 വർഷം ടി തുക വകയിരുത്തി സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കേണ്ടതും ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യേണ്ടതുമാണ്.

## 3-10 ഭവന പുനരുദ്ധാരണം-സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നു

പഞ്ചായത്തിൽ ഭവന പുനരുദ്ധാരണത്തിനായി തൻ വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടെ 2 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും 97 പേർക്ക് 15000 രൂപ വീതം ധനസഹായം നല്കുകയും ചെയ്തിട്ടുണ്ട്. 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.എം.എസ്. 4/2016 ത.സ്വ.ഭ.വ.തീ.11.1.16 പ്രകാരം ഭവന പുനരുദ്ധാരണത്തിനായി നല്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി 25000രൂപയാണ്. എന്നാൽ പഞ്ചായത്തിൽ ഒരാൾക്ക് 15000 രൂപ മാത്രമേ സബ്സിഡിയായി നല്കുന്നുള്ളൂ. കൂടുതൽ പേർക്ക് ആനുകൂല്യം നല്കുന്നതിനാണ് ഇപ്രകാരം സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നത്. ഇപ്രകാരം സബ്സിഡി നല്കുന്നതു വഴി ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട പരമാവധി ആനുകൂല്യം ലഭിക്കാതെ പോകുന്നതായി കാണുന്നു. ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ആംബുലൻസിന്റെ ഉപയോഗം - ബൈലോ തയ്യാറാക്കിയില്ല

പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 2015-16 വർഷം വാങ്ങിയ മാരുതി ഒമിനി ആംബുലൻസിന്റ ഉപയോഗം ക്രമീകരിക്കുന്നതിനുള്ള വ്യവസ്ഥകളുള്ള ബൈലോ തയ്യാറാക്കി സർക്കാർ അനുമതി വാങ്ങിയിട്ടില്ല. 24.09.2015 തീയതി വാങ്ങിയ പ്രസ്തുത വാഹനം 28.09.2015-ൽ രജിസ്റ്റർ ചെയ്തു (രജിസ്റ്റർ നം.KL-05-AM-1085). 2016-17 വർഷവും തുടർന്നും പാലിയേറ്റീവ് കെയർ പ്രൊജക്ടിനായി ഹോം കെയറിനായി പോകുന്നതിന് മാത്രമാണ് ഉപയോഗിക്കുന്നത്. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം തൻവർഷത്തിൽ ഒരുമാസം ശരാശരി 9-10 ദിവസങ്ങൾ മാത്രമാണ് വാഹനം ഓടുന്നത്. ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചാണ് പാലിയേറ്റീവ് ഹോംകെയറിനായി യാത്ര പോകുന്നത്. ബാക്കിയുള്ള ദിവസങ്ങളിൽ മുണ്ടൻകുന്ന് പി.എച്ച്.സി.-യിൽ വാഹനം ഓടാതെ സൂക്ഷിച്ചിരിക്കുന്നു. മറ്റുള്ള ദിവസങ്ങളിലും യാത്രക്കായി സജ്ജമാക്കുകയാണെങ്കിൽ ആയത് മറ്റ് രോഗികൾക്ക് കൂടി പ്രയോജനപ്പെടുമായിരുന്നു.

വാഹനത്തിന്റ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകളടങ്ങിയ ബൈലോ തയ്യാറാക്കേണ്ടതാണ്. പാലിയേറ്റീവ് കെയറിനായി പോകാത്ത അവസരങ്ങളിൽ മറ്റ് രോഗികൾക്കും ആംബുലൻസ് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-12 5345/- രൂപയുടെ ആയുർവേദ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. ; വർഷം | S0073/17 ; 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പൻസറി, മൂഴൂർ |
| അടങ്കൽ തുക | 2.5 ലക്ഷം (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 2.5 ലക്ഷം<br>ഡിഡി നം.908229 തീയതി 16.12.2016 |

മേൽ പ്രോജക്ട് പ്രകാരം ഔഷധി-തൃശ്ശൂർ-ൽ നിന്നും ആയുർവേദ മരുന്നുകൾ ലഭ്യമാക്കുന്നതിന് (പ്രൊഫോർമ ഇൻവോയ്സ് നം.578/17.10.2016 പ്രകാരം) 2.5 ലക്ഷം രൂപ ഒടുക്കിയിരുന്നു. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നാളിതുവരെ നാലു തവണയായി 2,44,655/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| മരുന്ന് ലഭിച്ച തീയതി | ഇൻവോയ്സ് നം. | തുക |
|---|---|---|
| 30/01/2017 | 1468/31.12.2016 | 93,814/- |
| 11/03/2017 | 2199/25.02.2017 | 1,11,747/- |
| 23/03/2017 | 2359/15..03.2017 | 28,793/- |
| 11/04/2017 | 2639/31.03.2017 | 10,301/- |
| ആകെ | | 2,44,655/- |

അവശേഷിക്കുന്ന 5345/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശം അറിയിക്കേണ്ടതാണ്. അതുവരെ 5345/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 ഹോമിയോ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്റ്റ് നം. ; വർഷം | S0098/17 ; 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക | 40,000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 40,000/- ബിൽ നം.1/16-17/16.01.2017<br>ഡിഡി നം.908851 തീയതി 25.01.2017 |

മേൽ പ്രോജക്റ്റിൽ ഹോംകോ-ആലപ്പുഴ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് (നം.PF-143/15.10.2016) പ്രകാരമുള്ള 40,000/- രൂപ ചെലവഴിച്ചിരുന്നു. എന്നാൽ പ്രസ്തുത മരുന്നുകൾ ഓഡിറ്റ് തീയതിവരെയും ഹോമിയോ ആശുപത്രിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ടി പ്രോജക്റ്റിന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിൽ എടുത്തശേഷം ഓഡിറ്റിനെ രേഖാമൂലം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 ആശ്രയ പദ്ധതി - തുടർ സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്

അശരണരും അഗതികളുമായ 99 പേർക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2014-ൽ ആരംഭിച്ച രണ്ടാം ഘട്ട ആശ്രയ പ്രോജക്റ്റ് നിലവിൽ നിശ്ചലാവസ്ഥയിലാണ്. പ്രസ്തുത പദ്ധതിപ്രകാരം ലക്ഷ്യമിട്ടിരുന്നതും കൈവരിച്ചതുമായ സേവനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ലക്ഷ്യമിട്ടിരുന്ന ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വീട് മെയിന്റനൻസ് | 47 | 32 |
| വീട് | 16 | 7 |
| വിദ്യാഭ്യാസം | 16 | 2 |
| കുടിവെള്ളം | 33 | 4 |
| ചികിത്സ | 79 | 28 |

| | | |
|---|---|---|
| ഭക്ഷണം | 99 | 95 |

പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിൽ 31.3.17 ൽ ചലഞ്ച് ഫണ്ട് 801281 രൂപ ബാലൻസ് ഉണ്ട്. ടി ഗുണഭോക്താക്കൾക്ക് ഒക്ടോബർ 2016വരെ മാത്രമേ സേവനങ്ങൾ നല്കിയിട്ടുള്ളൂ. അതിനു ശേഷം യാതൊരു സേവനങ്ങളും നല്കിയിട്ടില്ല. പ്രോജക്ട് കാലാവധി കഴിഞ്ഞു എന്ന കാരണത്താലാണ് സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാത്തത്. തുടർ സർവ്വേ നടത്തി അനർഹരായവരെ ഒഴിവാക്കി അഗതികളായ ഗുണഭോക്താക്കൾക്ക് തുടർ സേവനങ്ങൾ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങളായ ഭക്ഷണം, മരുന്ന് എന്നിവ മുടക്കം കൂടാതെ ലഭ്യമാക്കാൻ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന ഫണ്ട് അടിയന്തിരമായി വിനിയോഗിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-15 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പപദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2016-17 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 141 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. 101 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2016-17 വർഷം 16000 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 511 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. SC, ST, IAY, BPL തുടങ്ങിയ കുടുംബങ്ങളിലെ ഭൂവികസന പ്രവൃത്തികൾ, IAY, പട്ടിക ജാതി പട്ടിക വർഗ്ഗ ഡിപ്പാർട്ട്മെന്റ് എന്നിവടങ്ങളിൽ നിന്നുള്ള വീടുകളുടെ അവിദഗ്ധ തൊഴിൽ ഘടകം, മഴക്കുഴിനിർമ്മാണം, തരിശുനിലം കൃഷിയോഗ്യമാക്കൽ, പട്ടുതാക്കളം നിർമ്മാണം, പ്ലാറ്റ്ഫോം നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷത്തെ വരവു ചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 229 |
| വരവ് | 10046805 (EFMS ഉൾപ്പെടെ) |
| ആകെ | 10047034 |
| ചെലവ് | 10049993 |
| നീക്കിയിരിപ്പ് | 2959 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 9-3-17 | 1,50,000 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് | 1,50,000 | 0 |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 10-3-17 | 1,50,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 1,50,000 | 0 |
| കോട്ടയം ജില്ലാ | 10-3-17 | 1,75,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 0 | 1,75,000 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ | 328675/ 31-3-17 | 50,000 | 0 | 50,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.എം.എസ്.90/2013 എൽ.എസ്.ജി.ഡി. തീ.14.03.13 | 70,78,425 | 15,37,125 | 2,00,000+ 52891 | 0 | 12,84,234 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 7,22,854 |
| തൻവർഷം നിക്ഷേപിച്ച തുക | 74421(പലിശ) |
| ആകെ | 797275 |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 797275 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| SCB കാഞ്ഞിരമറ്റം No.1109<br>(FD No-7228,7229,7230, 3076) | 7,97,275 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് ഉൾപ്പടെ) | 44980930 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34363969 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,41,345/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 6000 | ശ്രീമതി.കെ.എൻ.രാധാമണി,<br>അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | | 6000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 96,000 | ശ്രീ.കെ.ആർ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി |
| 3-4 | 1,00,000 | ശ്രീ.കെ.ആർ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി |
| 3-12 | 5345 | ഡോ.ആന്റണി ജോസ്, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| 3-13 | 40,000 | ഡോ.സിന്ധ്യ, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 2,41,345 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കെ.എൻ.രാധാമണി,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അകലക്കുന്നം ഗ്രാമപഞ്ചായത്ത് | കാർത്തിക, ശ്രീകാര്യം, പൗഡിക്കോണം, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 95-96 | എൽ.എഫ്.കെ.പി12/632/14/അദാ/14/28.11.14 |
| 99-00<br>വരവുചെലവ് | എൽ.എഫ്.കെ.പി.12/632/14/അദാ(6)/14/28.11.14 |
| 2000-01 | എൽ.എഫ്.കെ.പി.12/632/14/അദാ(4)/14/28.11.14 |
| 2002-03 | എൽ.എഫ്.കെ.പി1/960/അദാ/എ1/2011/22.8.11 |
| 2003-04വരവ് | എൽ.എഫ്.കെ.പി1/960/അദാ/എ1/2011/22.8.11 |
| 2003-04ചെലവ് | കെ.എസ്.എ-കെ.ടി.എം.പി12/242/16/18.3.16/23.3.106 |
| 2004-05വരവ് | കെ.എസ്.എ-കെ.ടി.എം.പി12/242/16/5.5.16/10.5.16 |
| 2004-05ചെലവ് | എൽ.എഫ്.കെ.പി4/278/07/25.4.07/1.9.07 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി12/514/16/5.5.16/10.5.16 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി12/242/16/18.3.16/23.3.16 |
| 2007-08 | എൽ.എഫ്.കെ.പി4/332/10 തീയ്യതി19.8.10/4.12.10 |
| 2008-09 | എൽ.എഫ്.കെ.പി12/520/13/14.5.13 |
| 2009-10 | എൽ.എഫ്.കെ.പി12/521/13/18.5.13 |
| 2010-11&2011-12 | എൽ.എഫ്.കെ.പി12/157/13/ 08.10.15/13.11.15 |
| 2012-13 | എൽ.എഫ്.കെ.പി.12/1405/14/11.12.14/20.3.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12/164/15/5.5.16/10.5.16 |
| 2014-15 | കെ.എസ്.എ-കെ.ടി.എംപി12/1126/16/1.8.16 |
| 2015-16 | കെ.എസ്.എ-കെ.ടി.എംപി12/1863/16/21.11.16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.**13/915/17**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി: **16.06.2017**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം